1. എനിക്കായ് കരുതുന്നവൻ
ഭാരങ്ങൾ വഹിക്കുന്നവൻ
എന്നെ കൈവിടാത്തവൻ
യേശു എൻ കൂടെയുണ്ട്
പരീക്ഷ എന്റെ ദൈവം അനുവദിച്ചാൽ
പരിഹാരം എനിക്കായ് കരുതീട്ടുണ്ട്
എന്തിനെന്നു ചോദിക്കില്ല ഞാൻ - എന്റെ
നന്മക്കായെന്നറിയുന്നു ഞാൻ

2. എരിതീയിൽ വീണാലും
അവിടെ ഞാൻ ഏകനല്ല
വീഴുന്നതോ തീയിലല്ല - എൻ
യേശുവിൻ കരങ്ങളിലാം

3. ഘോരമാം ശോധനയിൻ
ആഴങ്ങൾ കടന്നിടുമ്പോൾ
നടക്കുന്നതേശുവത്രെ
ഞാനവൻ കരങ്ങളിലാം

4. ദൈവം എനിക്കനുകൂലം - അതു
നന്നായറിയുന്നു ഞാൻ
ദൈവം അനുകൂലമെങ്കിൽ
ആർ എനിക്കെതിരായിടും ?

*Lyrics & Tune : Bro. RSV*